## പതിമൂന്നാം കേരള നിയമസഭ

### പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.**4705** **05/02/2014**-ൽ മറുപടിക്ക്

പുരാവസ്തു മ്യൂസിയങ്ങളുടെ നവീകരണം

ചോദ്യം

ശ്രീ. പാലോട് രവി :

ശ്രീ. കെ. ശിവദാസൻ നായർ :

ശ്രീ. കെ. മുരളീധരൻ :

ഉത്തരം

ശ്രീ. കെ.സി. ജോസഫ്

(ബഹു.ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | പുരാവസ്തു മ്യൂസിയങ്ങളുടെ നവീകരണത്തിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കമോ ; | (എ) | പുരാവസ്തു മ്യൂസിയങ്ങളുടെ നവീകരണത്തിന് 'Setting up, Promotion and Strengthening of Regional and Local Museums' എന്ന പദ്ധതി രൂപീകരിച്ചിട്ടുണ്ട്. നെടുമങ്ങാട് കോയിക്കൽ കൊട്ടാരം, തൃപ്പൂണിത്തുറ ഹിൽപാലസ് മ്യൂസിയം, കോഴിക്കോട് പഴശ്ശിരാജ മ്യൂസിയം എന്നിവയുടെ നവീകരണത്തിനായി 1379.02 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ 80% കേന്ദ്ര സർക്കാരും 20% സംസ്ഥാന സർക്കാരുമാണ് വഹിക്കുന്നത്. പദ്ധതിയുടെ ആദ്യ ഗഡുവായി കേന്ദ്ര സർക്കാർ 524.96 ലക്ഷം രൂപയും സംസ്ഥാന സർക്കാർ 124.5 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നത് നോഡൽ ഏജൻസിയായ 'കേരളം മ്യൂസിയം' വഴിയാണ്. |
| (ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ; | (ബി) | മ്യൂസിയങ്ങളുടെയും, ഗ്യാലറികളുടെയും നവീകരണം അവയുടെ സജ്ജീകരണം എന്നിവയാണ് പ്രസ്തുത പദ്ധതി പ്രകാരം ലക്ഷ്യമിടുന്നത് . |
| (സി) | പ്രസ്തുത പദ്ധതി നടത്തിപ്പിനായി കേന്ദ്ര സഹായം ലഭിച്ചിട്ടുണ്ടോ ; വിശദമാക്കമോ ; | (സി) | പ്രസ്തുത പദ്ധതി നടത്തിപ്പിനായി ആദ്യഗഡുവായി കേന്ദ്ര സർക്കാർ 524.96 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |
| (ഡി) | പുരാവസ്തുക്കൾ സംരക്ഷിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത് ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ? | (ഡി) | പുരാവസ്തുക്കൾ പ്രദർശിപ്പിക്കുന്നതിനുള്ള ഗ്യാലറികളുടെ സജ്ജീകരണം, പുരാവസ്തുക്കളുടെ രാസ സംരക്ഷണം, ക്യാമറ, ക്ലോസ്ഡ് സർക്യൂട്ട് ടി.വി. സ്ഥാപിക്കൽ എന്നിവ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ